**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **T6781** | **04.04.2018**-ൽ മറുപടിയ്ക്ക്

**ബോർഡുകളും മറ്റ് താല്കാലിക നിർമ്മിതികളും നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ.കെ.എം.ഷാജി | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) പൊതുനിരത്തുകളിലും പാതയോരങ്ങളിലും വാഹനങ്ങളുടെ സുഗമമായ ഡ്രൈവിംഗിനും കാൽനടയാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരത്തിനും ഭംഗം വരുത്തുന്ന രീതിയിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡുകളും മറ്റ് താല്കാലിക നിർമ്മിതികളും നീക്കം ചെയ്യുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) പൊതുനിരത്തുകളിലും പാതയോരങ്ങളിലും വാഹനങ്ങളുടെ സുഗമമായ ഡ്രൈവിംഗിനും കാൽനട യാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരത്തിനും ഭംഗം വരുത്തുന്ന രീതിയിൽ ബോർഡുകൾ, നിർമ്മിതികൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പോലീസ്, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി എന്നീ വകുപ്പുകൾക്ക് നൽകി പ്രസ്തുത വകുപ്പുകളുമായി സംയോജിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. ചില ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) ഇത്തരത്തിൽ തടസ്സം നിൽക്കുന്ന ബോർഡുകളും താല്കാലിക നിർമ്മിതികളും നീക്കം ചെയ്യേണ്ടത് സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ റവന്യൂ ഓഫീസുകളിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിൽ 22 ഉം, കൊല്ലം ജില്ലയിൽ 4 ഉം, പത്തനംതിട്ട ജില്ലയിൽ 11 ഉം, മലപ്പുറം ജില്ലയിൽ 5 ഉം, വയനാട് ജില്ലയിൽ 2 ഉം പരാതികളാണ് ലഭ്യമായിട്ടുള്ളത്. പരാതികൾ ലഭ്യമായ മറ്റ് ജില്ലകളിൽ കൃത്യമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.<br>കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) കിട്ടിയ പരാതികളിൽ ഇനിയും തീർപ്പാക്കാൻ ശേഷിക്കുന്നവയുടെ എണ്ണം പറയാമോ; | (സി) പരാതികൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ഉടൻ തന്നെ കൈമാറിയിട്ടുള്ളതും നടപടികൾ സ്വീകരിക്കാൻ ഇനി ബാക്കിയില്ലാത്തതുമാണ്. |
| (ഡി) കാൽനട യാത്രക്കാരുടെയും വാഹന ഡ്രൈവർമാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി റവന്യൂ വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) കാൽനട യാത്രക്കാരുടെയും വാഹന ഡ്രൈവർമാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി റവന്യൂ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**